# ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം

**(ഹാജർ : സുഭാഷ് കെ. സി)**

വിഷയം : ളാലം ബ്ലോക്ക് പഞ്ചായത്ത് – അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – സൂപ്പർ ചെക്ക് നടപടികൾ സ്വീകരിക്കുന്നത്– സംബന്ധിച്ച്

സൂചന : 1) ബഹു. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.09.2025 ലെ LSGD/PD/59814/2023-EPEP1 നമ്പർ കത്ത്

2) ബഹു. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.04.2025 ലെ LSGD/PD/59814/2023-EPEP1 നമ്പർ കത്ത്

3) ബഹു. കോട്ടയം ജില്ല ജോയിന്റ് ഡയറക്ടറുടെ 07.10.2025 തീയതിയിലെ LSGD/JD/KTM/5553/2025-E3 നമ്പർ ഉത്തരവ്

**ഉത്തരവ് നം. സി 4627670/2025 തീയതി 14.10.2025**

സൂചന (1) പ്രകാരം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പൂർത്തീകരണം 2025 നവംബർ 1 ന് നടത്തുന്നതിന്റെ ഭാഗമായി മൂല്യനിർണ്ണയ പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട 100% കുടുംബങ്ങളെയും നേരിൽ കണ്ട് പരിശോധന നടത്തുന്നതിന് ബ്ലോക്ക് തലത്തിൽ നിലവിലുള്ള മോണിറ്ററിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തേണ്ടതുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളെ മറ്റൊരു ബ്ലോക്ക് പഞ്ചായത്തിലെ മോണിറ്ററിംഗ് കമ്മറ്റി ആയിരിക്കണം പരിശോധന നടത്തേണ്ടത്. ളാലം ബ്ലോക്ക് പഞ്ചായത്തിന് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുടെ പരിശോധന നടത്തുന്നതിന് സൂചന 3 പ്രകാരം ചുമതല നൽകിയിട്ടുണ്ട്.

ടി സാഹചര്യത്തിൽ മേൽ പരിശോധന സമയബന്ധിതമായി പൂർത്തീയാക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1) സ്വപ്ന വി, ജോയിന്റ് ബിഡിഒ (ഇ.ജി.എസ്)
2) ഗോപകുമാർ ജി, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
3) സിജി ജോസഫ്, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം)
4) ജോജി കെ ജോൺ, എക്സ്റ്റൻഷൻ ഓഫീസർ (പി & എം)
5) ജയലളിത പി.കെ, ഹെഡ് ക്ലർക്ക്
6) റോബിൻ ജോസ്, ഹെഡ് അക്കൗണ്ടന്റ്

മേൽ ഉദ്യോഗസ്ഥർ 2 ടീമുകളായി ഈരാറ്റുപേട്ട ബ്ലോക്ക് പരിധിയിലുള്ള 8 ഗ്രാമപഞ്ചായത്തുകളുടെയും പരിശോധന 20/10/2025 തീയതിക്കുളിൽ പൂർത്തീകരിക്കേണ്ടതാണ്.

സെക്രട്ടറി
ളാലം ബ്ലോക്ക് പഞ്ചായത്ത്
SECRETARY
Lalam Block Panchayath

# ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം

(ഹാജർ : സുഭാഷ് കെ. സി)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു. മുഖ്യമന്ത്രി എന്നോടൊപ്പം (CM with me) എന്ന സമഗ്ര സിറ്റിസൺ കണക്ട് സെന്ററിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് തലത്തിൽ ഉദ്യോഗസ്ഥർക്ക് ചുമതല നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന : 1) സർക്കാർ ഉത്തരവ് നമ്പർ 10/2025/I & PRD തീയതി 29/09/2025
2) ബഹു. ജോയിന്റ് ഡയറക്ടറുടെ 04/10/2025 തീയതിയിലെ LSGD/JD/KTM/6188/2025-E3 നമ്പർ ഉത്തരവ്

**ഉത്തരവ് നം. 17/2025 തീയതി 06.10.2025**

സംസ്ഥാന സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുക, ജനങ്ങളുടെ അഭിപ്രായം ഉൾക്കൊള്ളുക, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, സർക്കാരിന്റെ പരിപാടികളും പദ്ധതികളും ജനങ്ങളിലെത്തിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി മുഖ്യമന്ത്രി എന്നോടൊപ്പം (CM with me) എന്ന സമഗ്ര സിറ്റിസൺ കണക്ട് സെന്റർ സംവിധാനം ആവിഷ്കരിച്ചു നടപ്പാലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും സൂചന 1 പ്രകാരം പ്രസ്തുത സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി സൂചന 1 പ്രകാരം മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സമഗ്ര സിറ്റിസൺ കണക്ട് സെന്റർ സംവിധാനത്തിലൂടെ ലഭിക്കുന്ന ആവശ്യങ്ങൾ/ നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ/ പരാതികൾ എന്നിവയ്ക്ക് 48 മണിക്കൂറിനകം വിവരങ്ങൾ കൈമാറേണ്ടതുണ്ട്. ളാലം ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചുള്ള പരാതികൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ സൂചന 2 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ഈ ഓഫീസിലെ താഴെപറയുന്ന ജീവനക്കാരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു. ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ശ്രീമതി. ജയലളിത പി.കെ ഹെഡ് ക്ലർക്കിൽ നിക്ഷേപിതമായിരിക്കും.

| ക്രമ നമ്പർ | പേര് തസ്തിക | ചുമതല നൽകുന്ന പഞ്ചായത്തുകൾ |
|---|---|---|
| 1 | ശ്രീ. ജോജി കെ ജോൺ,<br>എക്സ്റ്റൻഷൻ ഓഫീസർ (പി & എം) | കൊഴുവനാൽ, മീനച്ചിൽ |
| 2 | ശ്രീ. ഗോപകുമാർ ജി,<br>ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | കരൂർ, മുത്തോലി |
| 3 | ശ്രീമതി. സിജി ജോസഫ്,<br>എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | കടനാട്, ഭരണങ്ങാനം |

ലഭിച്ച പരാതികൾ സംബന്ധിച്ച് താമസംവിനാ തത്സ്ഥിതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിൽ നൽകേണ്ടതാണ്.

സെക്രട്ടറി
ളാലം ബ്ലോക്ക് പഞ്ചായത്ത്

ഓഫീസ് ഉത്തരവ് നം 25/2026 　　　　 തീയതി 20/06/2026

സൂചന : തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ
സർക്കുലർ നം : (1) LSGD/PD/22474/2024-SWAGI
തീയതി 29.01.2025
(2) LSGD/PD/29331/2025-IV.
തീയതി 15.06.2026

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിയമങ്ങളുടെയും ചട്ടങ്ങളുടെയും കോടതി ഉത്തരവുകളുടെയും ലംഘനം കണ്ടെത്തി കുറ്റക്കാർക്കെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ ജോയിന്റ് BDO, ശുചിത്വമിഷൻ കോഓർഡിനേറ്റർ/ പ്രതിനിധി/ ~~ഉൾപ്പെടുത്തി~~ ബ്ലോക്ക്തല ~~എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതാണ്~~. തദ്ദേശസ്ഥാപന സെക്രട്ടറി /ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്ക്തല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതാണ്.

ളാലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ് അംഗങ്ങളായി ശ്രീ. അജിത് ചന്ദ്രൻ, (Joint BDO), ശ്രീ. ഗോപകുമാർ ജി (GEO)/ ശ്രീ. റോബിൻ ജോസ് (EOWW) എന്നിവരെ നിയോഗിച്ച് ~~ഉത്തരവ്~~ ഇതിനാൽ ഉത്തരവാകുന്നു. ടി സ്ക്വാഡ് ആഴ്ചയിൽ 3 ദിവസം ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും റിപ്പോർട്ട് അന്നേ ദിവസം വാർ റൂം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ് ~~[illegible]~~. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി തദ്ദേശസ്ഥാപനത്തിലെ എൻഫോഴ്സ്മെന്റ് രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്.

SECRETARY
Lalam Block Panchayath

1. Ajith Chandran JBDO
2. Robin Jose EO(WW)
3. Gopalan, G GEO

ഓഫീസ് ഉത്തരവ് നം 6435255/2026/C തീയതി 06.08.2026

ളാലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി വിലയിരുത്തുന്ന. ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചാർജ്ജ് ഓഫീസറായി നിയമിച്ച് 05-08-2026 തീയതിയിലെ LSGD/JD/KTM/2910/2026-A6 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോട്ടയം ഉത്തരവായിട്ടുള്ളതാണ്. മേൽപ്പടി കൃത്യനിർവഹണത്തിന് ചാർജ്ജ് ഓഫീസറെ സഹായിക്കുന്നതിന് ചുവടെ ചേർത്ത പ്രകാരം അസി. ചാർജ്ജ് ഓഫീസർമാരെ നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ടീം | അസി. ചാർജ്ജ് ഓഫീസർമാർ | ചുമതലയുള്ള പഞ്ചായത്ത് |
|---|---|---|
| I | (1) സ്വപ്ന V, Jt. BDO<br>(2) ഗോപകുമാർ G, GEO | മീനച്ചിൽ, കൊഴുവനാൽ |
| II | (1) അജേഷ് ചന്ദ്രൻ, Jt. BDO<br>(2) റോബിൻ ജോസ്, EE (WW) | കരൂർ, മുത്തോലി |
| III | (1) ജോജി K ജോൺ, P&M<br>(2) Ciji Joseph, HC | കടനാട്, ഭരണങ്ങാനം |

ടി ചാർജ്ജ് ഓഫീസർമാർ അവർക്ക് ചുമതലയുള്ള ഗ്രാമ പഞ്ചായത്തുകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഓറഞ്ച് ബുക്കിലെയും, സർക്കാർ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ജോയിന്റ് ഡയറക്ടർ എന്നിവരുടെ നിർദ്ദേശങ്ങൾക്കനുസൃതമായി കാര്യക്ഷമമായി നടക്കുന്നു പരിശോധിക്കുന്നതും ദുരിതാശ്വാസ ക്യാമ്പുകളിലെ ഭക്ഷണം, കുടിവെള്ളം, ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് ന്യൂനത കണ്ടെത്തുക

ഡാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് സെക്രട്ടറി/ ചാർജ്ജ് ഓഫീസർ ഇവർക്ക് അറിയിപ്പ് നൽകി ന്യൂനതകൾ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് സംബന്ധിച്ച ~~ന~~ റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. കൂടാതെ പ്രളയ ബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമ മായി നടക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

ബ്ലോ. അസി. ചാർജ്ജ് ഓഫീസർമാരും തങ്ങൾക്ക് ചുമതലയുള്ള പഞ്ചായത്തുകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് രാവിലെ 11 മണിക്കും വൈകുന്നേരം 4 മണിക്ക് മുമ്പായും ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള Spread Sheet ൽ രേഖപ്പെടുത്തേണ്ടതാണ്.

[signature]

noted [signature] 7/8/26, Joji. K. John (P&M)

[signature] 7/8/16 HEO. Gopalan. C.

Sunyina. V JT BDO [signature]

Ciji Joseph HC [signature]

Robin Jose EO (WW) [signature]

Ajith Chandran JBDO [signature]